(ഡി) നിലവിലുള്ള ഗുണനിലവാര പരിശോധനാ ലാബുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുവാനും കോഴിക്കോട്, തൃശ്ശൂർ, കോന്നി എന്നിവിടങ്ങളിൽ പുതിയതായി തുടങ്ങാൻ ഉദ്ദേശിക്കുന്ന ലാബുകൾക്ക് ആധുനിക പരിശോധനാ സംവിധാനങ്ങൾ ലഭ്യമാക്കി മരുന്നുകളുടെ ഗുണനിലവാരം കാര്യക്ഷമാക്കുന്നതിനായി പ്രസ്തുത ലബോറട്ടറികൾ പ്രവർത്തന സജ്ജമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ഹോംകോ

125 (3559) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹോംകോ അന്യ-സംസ്ഥാനങ്ങളിൽ മരുന്നുവിതരണം നടത്തുന്നതിനുള്ള സെയിൽസ് പ്രൊമോഷൻ ജോലികൾക്കായി ഓരോ സംസ്ഥാനത്തും എത്ര ഏജന്റുമാരെ നിശ്ചയിച്ചിട്ടുണ്ട് ;

(ബി) പ്രസ്തുത ജോലിചെയ്യുന്ന വ്യക്തികൾ/സ്ഥാപനങ്ങൾ ഏതൊക്കെയാണെന്ന് അറിയിക്കുമോ ;

(സി) പ്രസ്തുത വ്യക്തികൾക്ക് നൽകുന്ന ഏജൻസി കമ്മീഷൻ എത്രയാണെന്ന് വ്യക്തമാക്കുമോ ;

(ഡി) 2014-15-ൽ ഏജൻസി കമ്മീഷൻ ഇനത്തിൽ ആകെ എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഒന്നുവീതം ഏജന്റുമാർ.

(ബി) സ്ഥാപനങ്ങളുടെ വിലാസം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) മരുന്നിന്റെ വിലയുടെ 20 ശതമാനം.

(ഡി) 2014-15-ൽ ഏജൻസി കമ്മീഷനായി 53,37,305 രൂപ ചെലവഴിച്ചിട്ടുണ്ട്.

ഹോംകോ-യ്ക്ക് ഗ്രാന്റ്

126 (3560) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് 2011-12, 2012-13, 2013-14, 2014-15 വർഷങ്ങളിൽ ഓരോന്നിലും എത്രയുക വീതം ഗ്രാന്റിനത്തിൽ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) മേൽപ്പറഞ്ഞ ഓരോ കാലയളവിലും ഗ്രാന്റിനത്തിൽ ലഭിച്ച എത്ര രൂപ ഹോംകോ ചെലവഴിച്ചിട്ടുണ്ട് ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

Page 1